അനുമതി നൽകുന്നില്ല എന്നുള്ള ഒരു സ്ഥിതി തന്നെയാണുള്ളത്. അടുത്ത കാലത്ത് വളരെ സ്ട്രിക്ടായിട്ടു തന്നെയാണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. സി. ജോസഫ് : ചട്ടങ്ങൾ പാലിക്കാതെ ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട് അംഗീകാരം വാങ്ങിയ ഫ്ളാറ്റുകളുടെ ലിസ്റ്റ് തരാം. നടപടി സ്വീകരിക്കാമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ഫ്ളാറ്റുകളുടെ കാര്യത്തിൽ ഏതെങ്കിലും തരത്തിൽ അലംഭാവം കാണിച്ചിട്ട് സ്വാധീനമുപയോഗിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ അങ്ങ് ലിസ്റ്റ് തന്നാൽ മതി, നടപടി സ്വീകരിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് ഒരു പ്രധാനപ്പെട്ട വിഷയമായതു കൊണ്ടും കേരളത്തിൽ ഭാവിയിൽ ബാധിക്കാൻ പോകുന്ന ഒരു സാമൂഹ്യ പ്രശ്നമായതുകൊണ്ടും നല്ല ചർച്ച നടന്നു. മാത്രവുമല്ല, ലോക്കൽ ബോഡീസിന് പ്രത്യേക ഫണ്ട് കൊടുത്തുകൊണ്ട് ഇത് ശക്തിപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഇക്കാര്യത്തിൽ ഒരു കൺസൻസസ്സ് ആകാം. ഇപ്പോൾ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ തന്നെ ഒരു പ്രത്യേക സംവിധാനമുണ്ടാക്കിക്കൊണ്ട് ഈ കാര്യം മോണിറ്റർ ചെയ്യുന്നതിനും എന്തുമാത്രം പ്രോഗ്രസ് കൈവരിച്ചു എന്ന് ഇവാല്യുവേറ്റ് ചെയ്യുന്നതിനും വേണ്ടിയുള്ള ഒരു സംവിധാനവും അതിനാവശ്യമായ ഒരു പ്രത്യേക ഫോക്കസ് കൊടുത്തുകൊണ്ടുള്ള ഒരു പ്രോഗ്രാമിനെ സംബന്ധിച്ച് തീർച്ചയായിട്ടും ആലോചിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. എം. ദിനേശ് മണി അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സി. എം. ദിനേശ്മണി : സർ ഞാൻ പ്രസ്സ് ചെയ്യുന്നില്ല

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(ii) 2010-ലെ കേരള അംഗീകൃത അൺ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. ബി. ബാബു പ്രസാദ് : സർ, 2010-ലെ കേരള അംഗീകൃത അൺ എയ്ഡഡ്സ്കൂൾ ജീവനക്കാർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ബഹുമാനപ്പെട്ട ബാബു പ്രസാദ് കേരളത്തിലെ അംഗീകൃത അൺ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തണം എന്ന ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസിനെ ആശ്രയിച്ചാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അദ്ധ്യാപകർക്ക് ന്യായമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സ്കൂൾ അധികൃതർ നൽകേണ്ടതാണ്. എന്നാൽ ന്യായമായ ശമ്പളം നൽകുന്നുണ്ടോ എന്ന കാര്യത്തിൽ പലപ്പോഴും സംശയങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പരാതികൾ ഉയർന്നുവന്നിട്ടുണ്ട് എന്നുള്ളത് ശരിയാണ്. അവരുടെ ക്ഷേമത്തെ സംബന്ധിച്ചിടത്തോളം കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തുന്നതിന് ഇപ്പോൾ വ്യവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന തരത്തിൽ ഒരു ക്ഷേമനിധി ഇപ്പോൾ ഏർപ്പെടുത്തുക പ്രായോഗികമല്ല. അനുവദിക്കാൻ ബുദ്ധിമുട്ടുണ്ട്. എന്നാൽ അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥ തലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ച് പരിശോധന നടത്തി അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അംഗീകൃത അൺ എയ്ഡഡ് സ്കൂൾ മാനേജുമെന്റുകളുമായി ചർച്ച ചെയ്തുകൊണ്ട് ഇത് എത്രമാത്രം നടപ്പാക്കാൻ കഴിയും എന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഇതിനിടയിൽ ഇന്ന് കൊടുക്കുന്നതിൽനിന്ന് വ്യത്യസ്തമായി ഇവരുടെ ശമ്പളം വർദ്ധിപ്പിക്കാൻ പ്രയാസമുണ്ട് എന്ന് അംഗീകൃത അൺ എയ്ഡഡ് മാനേജുമെന്റുകളുടെ അസോസ്സിയേഷൻ അറിയിച്ചിട്ടുണ്ട്. അൺ എയ്ഡഡ് അംഗീകൃത സ്കൂളുകൾ ഒരു പ്രത്യേക വിഭാഗമാണ്. നമ്മുടെ നാട്ടിൽ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാൻ ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും ഏതാണ്ട് സാർവ്വത്രികമാണ്. ഒരു കിലോമീറ്ററിലും രണ്ടുമൂന്നു കിലോമീറ്റലുമൊക്കെ മിക്ക സ്ഥലങ്ങളിലും ഉണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി നിശ്ചിത ദൂരപരിധിക്കുള്ളിൽ പഠനസൗകര്യം ഇല്ലാത്ത പ്രദേശങ്ങളുണ്ടെങ്കിൽ അക്കാര്യവും പരിശോധിക്കുന്നതാണ്. അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് ഒരു പൊതുസമീപനം മാത്രമേ എടുക്കാൻ കഴിയുകയുള്ളൂ. സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ ഗവൺമെന്റ് ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ഇത്തരത്തിൽ ക്ഷേമനിധി ഏർപ്പെടുത്തുന്നത് ഈ പറഞ്ഞ കാരണങ്ങളാൽ ഇപ്പോൾ പ്രയാസമാണ്.

ശ്രീ. ബി. ബാബു പ്രസാദ് : സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പരിഗണിക്കപ്പെടേണ്ടവരും എന്നാൽ അവഗണിക്കപ്പെട്ടുപോയവരുമായ വിഭാഗമാണ് അൺ എയ്ഡഡ് സ്കൂൾ അധ്യാപകർ. സാക്ഷരതയിലും ഉന്നത വിദ്യാഭ്യാസ ഡിഗ്രി കരസ്ഥമാക്കിയ അഭ്യസ്തവിദ്യരുടെ എണ്ണത്തിലും ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനവുമാണ് നമ്മുടെ സംസ്ഥാനമെന്ന് ഏവർക്കുമറിയാം. വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് സംസ്ഥാനത്ത് തൊഴിലവരങ്ങൾ ഉണ്ടായിരുന്നെങ്കിൽ

ഒരു പരിധിവരെ അഭ്യസ്തവിദ്യരായ ആളുകൾ അൺ-എയ്ഡഡ് സ്കൂളുകളെ ആശ്രയിച്ച് മാനേജുമെന്റ് കൊടുക്കുന്ന പിച്ചക്കാശിനുവേണ്ടി ജോലിചെയ്യാൻ പോകുമായിരുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ആളുകൾ ദൈനംദിനം ഡിഗ്രിയെടുത്ത് സമൂഹത്തിലെ അഭ്യസ്തവിദ്യരായ തൊഴിലില്ലാപ്പടയുടെ എണ്ണം അതിലൂടെ വർദ്ധിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസറ്റർ ചെയ്തിരിക്കുന്ന 40 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. മൂന്നുവർഷം കഴിഞ്ഞാലും പി.എസ്.സി. റാങ്കു ലിസ്റ്റിൽ നിന്ന് ജോലിക്ക് അവസരം കിട്ടാതെ ഉദ്യോഗാർത്ഥികൾ ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ് പുറത്തുപോകേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ, മറ്റ് എല്ലാ മാർഗ്ഗങ്ങളും അടഞ്ഞ് പുറകോട്ട് നടന്നുനടന്ന് ഭിത്തിയിൽ ചാരിനിൽക്കുന്ന ഒരു അവസ്ഥയിലാണ് കേരളത്തിലെ അഭ്യസ്ഥവിദ്യരായ ഉദ്യോഗാർത്ഥികൾ അൺ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യാൻ പോകുന്നത്. അൺ എയ്ഡഡ് സ്കൂളിൽ ജോലി ചെയ്യാൻ പോകുമ്പോൾ അവിടെ ഗവൺമെന്റിന്റെ മാനദണ്ഡങ്ങളൊന്നുമില്ല. ഈ നാട്ടിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ദേശീയ കേന്ദ്ര വിദ്യാഭ്യാസനയം വരുമ്പോൾ ഉണ്ടാകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷേ ഇരുപതോ മുപ്പതോ വർഷക്കാലമായി അൺ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്ന അദ്ധ്യാപകർ അനുഭവിക്കുന്ന ക്ലേശങ്ങൾ എങ്ങനെ പരിഹരിക്കും എന്നതിനെക്കുറിച്ച് ഒരു കമ്മിറ്റി വച്ചിട്ടുണ്ട് എന്ന് ഒഴുക്കൻ മട്ടിൽ പറഞ്ഞു പോകുകയാണ് ചെയ്തത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഇങ്ങനെ തന്നിട്ടുണ്ട് എന്ന് മറുപടി പറഞ്ഞ് പോവുകയാണ് അദ്ദേഹം ചെയ്തത്. ഇവിടെ എയ്ഡഡ് സ്കൂളുകളിലേയും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലേയും അദ്ധ്യാപകരും അതുപോലെ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിനും സർവ്വകലാശാലയ്ക്കും കീഴിലുള്ള അദ്ധ്യാപകരും അനുഭവിക്കുന്ന അവകാശങ്ങളെക്കുറിച്ച് സാർ ഒന്ന് ചിന്തിച്ചു നോക്കണം. യു.ജി.സി. സ്കെയിലുള്ള ഒരു കോളേജ് അദ്ധ്യാപകൻ 16 പീരിഡിനപ്പുറം ജോലി ചെയ്യുമോ? എത്ര രൂപ ശമ്പളമാണ് ഇന്നത്തെ യു.ജി.സി നിരക്കനുസരിച്ച് എയ്ഡഡ് -ഗവൺമെന്റ് കോളേജ് അദ്ധ്യാപകർ ഇന്ന് നമ്മുടെ പൊതുഖജനാവിൽനിന്നും വാങ്ങിക്കൊണ്ടിരിക്കുന്നത്. അവരും ഈ നാട്ടിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സംഭാവന ചെയ്യുന്നവരാണ്. അല്ലെന്ന് ഞാൻ പറയുന്നില്ല. അവരുടെ ജോലിക്കനുസരിച്ചുള്ള ശമ്പളം കൊടക്കുന്നത് അല്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ദൈനംദിനമായ ഉൽക്കർഷേച്ഛ ലക്ഷ്യമാക്കി അതിന്റെ ചാലകശക്തികളായ അദ്ധ്യാപകർക്ക് ആവശ്യമായ ശമ്പളം കൊടുക്കുന്നതിന് ആരും എതിരല്ല. മാറി മാറിവരുന്ന സർക്കാരുകൾ അദ്ധ്യാപകരുടെ ശമ്പളം കോളേജ് അദ്ധ്യാപകരുടെ ആണെങ്കിലും ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ആണെങ്കിലും സ്കൂൾ അദ്ധ്യാപകരുടെ ആണെങ്കിലും അപ്പർ പ്രൈമി, ലോവർ പ്രൈമറി അദ്ധ്യാപകരുടെ ആണെങ്കിലും അപാകതകൾ ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുമ്പോൾ ശമ്പള കമ്മീഷനുകളെ വയ്ക്കാറുണ്ട്. സർക്കാർ തലത്തിൽ നിരവധി പ്രാവശ്യം പരിശോധനകൾ നടത്താറുണ്ട്. ഈ സംഘടിത

LIBRARY ARCHIVES Kerala Legislative Assembly

വർഗ്ഗങ്ങൾ പറയുന്ന എല്ലാ ആവശ്യങ്ങൾക്കും ചെവികൊടുക്കാറുണ്ട്. പക്ഷേ അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ അസംഘടിതരാണെന്ന കാര്യം കേരളത്തിലെ പല വിഭാഗങ്ങൾക്കുവേണ്ടി ഇത്രയും നിയമനിർമ്മാണങ്ങൾ നടത്തിയ വളരെ മഹത്തായ ഈ നിയമസഭ പരിഗണിക്കണം. പത്തുമുപ്പതു വർഷക്കാലമായി നക്കാപിച്ച ശമ്പളത്തിനുവേണ്ടി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിന്റെ കാര്യം ഇതുവരെ പരിഗണിച്ചിട്ടില്ല. മഹത്തായ പല ചരിത്രപരമായ നിയമനിർമ്മാണങ്ങളും നടത്തിയിട്ടുള്ള നിയമസഭ അത് പരിഗണിച്ചിട്ടില്ല എന്നതുകൊണ്ടാണ് ഞാൻ ഇങ്ങനെ ഒരു അനൗദ്യോഗിക ബില്ലുമായി ഈ സഭയുടെ മുന്നിലേയ്ക്ക് വന്നത് എന്ന് ആമുഖമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, അൺ എയ്ഡഡ് മേഖല നമ്മൾ കല്ലെറിയേണ്ട മേഖലയല്ല. അത് ഒരു ഗ്യാപ് ഫില്ലിംഗാണ്. എയ്ഡഡ് മേഖലയ്ക്കും ഗവൺമെന്റ് മേഖലയ്ക്കും കടന്നുവരാൻ പറ്റാത്ത മേഖലയായതുകൊണ്ട് ഗ്യാപ്പ് ഫിൽ ചെയ്യുകയാണ്. അവിടത്തെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ വളരെ ദയനീയമാണ്. ശ്രീ. ബി. ബാബു പ്രസാദ് ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ എല്ലാ മേഖലയ്ക്കും ക്ഷേമനിധിയുണ്ട്, ക്ഷേമനിധി ഇല്ലാത്ത ഒരു മേഖലയുമില്ല. തുച്ഛമായ ശമ്പളം വാങ്ങിച്ച് ജോലിചെയ്യുന്ന അൺ എയ്ഡഡ് മേഖലയിലെ ജീവനക്കാർക്കു കൂടി ഒരു ക്ഷേമനിധി കൊണ്ടുവന്ന്, ആ ക്ഷേമനിധിയിൽ ഗവൺമെന്റ് കോൺട്രിബ്യൂഷൻ വേണമെന്നു പറയുമ്പോൾ വിദ്യാഭ്യാസ മേഖലയ്ക്ക് ഇത്രയേറെ പണം ചെലവഴിക്കുന്ന ഒരു സംസ്ഥാന ഗവൺമെന്റ് കൈകഴുകി മാറുന്നത്, അത് ഞങ്ങളുടെ ബാധ്യതയല്ല എന്നുപറഞ്ഞ് മാറുന്നത് ഒരിക്കലും ശരിയായ നടപടിയല്ല. വിദ്യഭ്യാസവകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഒരു റീ-തിങ്കിംഗ് നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ: സർ, അങ്ങ് ഇവിടെ അവതരിപ്പിച്ച ബിൽ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാർക്ക് വേണ്ടി മാത്രമുള്ളതാണ്. ഇതല്ലാത്ത ഒരു വിഭാഗം നമ്മുടെ നാട്ടിൽ സ്കൂൾ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അത് അൺ റെക്കഗ്നൈസ്ഡ് സ്കൂളുകളാണ്. അത് ആയിരക്കണക്കിന് വരും. അതുപോലെതന്നെ മറ്റൊരുവിഭാഗവും ഉണ്ട്. എൽ.കെ.ജി., യു.കെ.ജി. യൊക്കെ പ്രൈവറ്റായിട്ട് ആരംഭിച്ച് കുട്ടികളെ ചേർത്ത് പഠിപ്പിക്കുന്ന പ്രീപ്രൈമറി വിഭാഗം. ഇവിടെയെല്ലാം ജീവനക്കാർക്ക് വളരെ ദുരിതം തന്നെയാണ്. അൺ എയ്ഡഡ് സ്കൂളുകളിൽ അനുവദിക്കുന്നതുപോലുള്ള തുച്ഛമായ വേതനം നൽകിയിട്ടാണ് ഇവിടെ ആളുകളെക്കൊണ്ട് ജോലിചെയ്യിപ്പിക്കുന്നത്. അപ്പോൾ അങ്ങയുടെ ബില്ലിൽ അവരെക്കൂടി ഉൾപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. എൻ. അനുരുദ്ധൻ: സർ, അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകളിലെ ഫീസ് പിരിവിന്റെ 80 ശതമാനം അവിടത്തെ അധ്യാപകർക്കും ജീവനക്കാർക്കും ശമ്പളമായി നൽകണമെന്ന് കെ.ഇ.ആർ.-ൽ തന്നെ വ്യവസ്ഥയുള്ളതായിട്ട് അങ്ങേയ്ക്കറിയാം. അങ്ങ് ഇപ്പോൾ നോട്ടീസ് നൽകിയിരിക്കുന്ന ബില്ലിൽ അങ്ങനെയുള്ള വ്യവസ്ഥകൾ ലംഘിക്കുന്ന മാനേജ്മെന്റുകൾക്കെതിരെ നടപടിയെടുക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പരാമർശം ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, ഇപ്പോൾ അൺ-എയ്ഡഡ് സ്കൂളിന്റെ വിഷയം കേരളത്തിലുണ്ട്. ഇപ്പോഴത്തെ കേരളത്തിലെ വിദ്യാഭ്യാസ നിയമ പ്രകാരം ഒരു കുഞ്ഞ് ജനിച്ചാൽ പന്ത്രണ്ടാം തരംവരെ വിദ്യാഭ്യാസം സർക്കാർ ഉറപ്പാക്കുന്നുണ്ട്. അപ്പോൾ ഈ കുട്ടികളെ മുഴുവൻ സർക്കാർ സ്കൂളുകളിൽ പ്രവേശിപ്പിച്ചാൽ പന്ത്രണ്ടാം തരംവരെ അൺ-എയ്ഡഡ് സ്കൂളുകൾ കേരളത്തിൽ പൂർണ്ണമായും ഇല്ലാതാക്കാൻ സാധിക്കും. അതിനോട് അങ്ങ് യോജിക്കുമോ ? രണ്ടാമത്തെ കാര്യം, അൺ-എയ്ഡഡ് സ്കൂളിൽ കൊടുക്കുന്ന ശമ്പളത്തെ ക്കുറിച്ചാണ്. എനിക്കറിയാം, പതിനായിരം രൂപ എന്ന് എഴുതി വയ്ക്കും. സഭ തന്നെ നടത്തുന്ന സ്കൂളാണ്. പക്ഷെ ഇവർക്ക് നാലായിരം രൂപയേ ശമ്പളം കൊടുക്കൂ. ബില്ലിൽ കൃത്യമായിട്ട് പതിനായിരമെന്ന് എഴുതി വയ്ക്കും. അത് ആദ്യം എഗ്രിമെന്റിൽ വേറെ എഴുതിവച്ചിട്ടുണ്ട്. ഇവരുടെ അക്കൗണ്ടിലേക്ക് പണം ഇട്ടു എന്നുപറയും. പക്ഷേ ഇതാണവസ്ഥ. അപ്പോൾ ഇക്കാര്യത്തിൽ അങ്ങയുടെ നിലപാട് എന്താണെന്നുള്ളത് ബില്ലിൽ വ്യക്തമാക്കുമോ ?

ശ്രീമതി ജെ. അരുന്ധതി : സർ, അങ്ങ് കൊണ്ടുവന്ന ബില്ലിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഒരു കാര്യം സൂചിപ്പിക്കാനുള്ളത് ഇത്തരം സ്ഥാപനങ്ങളിൽ ജോലിയെടുക്കാൻ വേണ്ടി വരുന്നത് തൽക്കാലത്തേയ്ക്കെങ്കിലും ഒരാശ്വാസത്തിനു വേണ്ടിയിട്ടാണ്. അപ്പോൾ തങ്ങളുടെ സർട്ടിഫിക്കറ്റും എല്ലാം അവിടെ സബ്മിറ്റ് ചെയ്തുകൊണ്ട് നിരവധി ആളുകൾ, ചെറുപ്പക്കാർ അവിടെ ജോലിചെയ്യുന്നുണ്ട്. അതിൽ കൂടുതലും സ്ത്രീകളാണ്. പക്ഷെ ഇവർക്ക് പറഞ്ഞ രീതിയിൽ ശമ്പളം കൊടുക്കുന്നില്ല, മറ്റൊരു തൊഴിൽ കിട്ടിയാൽ ഇവർക്ക് അവരുടെ സർട്ടിഫിക്കറ്റ് മടക്കി കൊടുക്കുന്നുമില്ല. അപ്പോൾ ഒരു തരത്തിൽ വഞ്ചന കൂടിയാണ് ചെയ്യുന്നത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത് ഈ ബില്ലിൽ സൂചിപ്പിക്കേണ്ടതല്ലേ ?

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് ഗവൺമെന്റ് നിയോഗിച്ച ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയിലുണ്ട് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ ? അതോടൊപ്പം ഇവിടെ ശ്രീ. എം. ചന്ദ്രൻ സൂചിപ്പിച്ചതുപോലെ ഈ ബില്ലിൽ അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിച്ചു കൊണ്ടിരിക്കുന്ന അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. കാരണം ഏറ്റവും പ്രധാനപ്പെട്ട കാര്യം തൊഴിലുറപ്പ് പദ്ധതിയിൽ ഏർപ്പെടുന്നവർക്കുപോലും 125 രൂപ കിട്ടിക്കൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്ത് അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ടീച്ചർമാർക്കാർക്കും തന്നെ ഇത്തരത്തിലുള്ള ആനുകൂല്യം പോലും കിട്ടുന്നില്ല. പണ്ട് മുണ്ടശ്ശേരി മാഷിന്റെ കാലത്ത് ബില്ല് കൊണ്ടുവരുന്നതിനുമുമ്പ് അധ്യാപകരുടെ സ്ഥിതി എന്തായിരുന്നോ അതിനെക്കൾ കഷ്ടമായ സ്ഥിതിയാണ് ഇന്ന് ഈ അൺ-എയ്ഡഡ് മേഖലയിലെ അധ്യാപകരുടെ സ്ഥിതി എന്നകാര്യം അങ്ങേയ്ക്കറിയാമോ ?

ശ്രീ. കെ. രാജു : സർ, അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് പിരിവ് സംബന്ധിച്ച് വലിയ പരാതിയാണ്. എന്റെ മണ്ഡലത്തിലെ ഒരു

അൺ എയ്ഡഡ് സ്കൂളിൽ ആഡിറ്റോറിയം പണിയുന്നതിന് വേണ്ടി കുട്ടികളിൽ നിന്ന് 500 രൂപ വീതം ആഡിറ്റോറിയം ഫീസ് പിരിച്ചുകഴിഞ്ഞിട്ട് ഇപ്പോൾ ആഡിറ്റോറിയമെല്ലാം മനോഹരമായി പൂർത്തീകരിച്ചു. ഇപ്പോൾ ഈ ആഡിറ്റോറിയം വിവാഹ ആവശ്യത്തിനോ മറ്റെന്തെങ്കിലും കാര്യങ്ങൾക്കോ ബുക്ക് ചെയ്താൽ അത് വാടകയ്ക്ക് കൊടുക്കുകയാണ്. ഒരു ദിവസത്തേക്ക് ആഡിറ്റോറിയങ്ങൾ 50,000 രൂപ വച്ച് വാടകയ്ക്ക് കൊടുക്കുന്ന അൺ എയ്ഡഡ് സ്കൂളുകളും ഉണ്ട്. അവിടെ പഠിക്കുന്ന കുട്ടികളിൽ നിന്ന് ഫീസ് പിരിച്ചിട്ട് ആഡിറ്റോറിയം നിർമ്മിച്ചിട്ട് ആ ആഡിറ്റോറിയം കല്യാണ ആവശ്യങ്ങൾക്കും മറ്റുമൊക്കെ വലിയ വാടക വാങ്ങി കൊടുക്കുകയാണ്. ഇത് പല സ്കൂളുകളിലുമുണ്ട്. ഇപ്പോൾ അങ്ങ് കൊണ്ടുവരുന്ന ഈ ബില്ലിനോട് വളരെ യോജിച്ചുകൊണ്ടാണ് പറയുന്നത്. അപ്പോൾ ഈ ബില്ലിൽ ഇതിനെല്ലാം തന്നെ ഒരു നിയന്ത്രണം വരത്തക്ക വിധത്തിലുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്താൻ അങ്ങ് തയ്യാറാവണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ബി. ബാബു പ്രസാദ്: സർ, ഈ പറഞ്ഞ ഉൽക്കണ്ഠകളെല്ലാം എന്റെ ബില്ലിനകത്ത് ഷെയർ ചെയ്തിട്ടുള്ളതാണ്. കേന്ദ്രീകൃത സിലബസ് പാഠ്യ വിഷയമായിട്ടുള്ള അധ്യയനത്തിലൂടെ കേരളത്തിലെ വിദ്യാഭ്യാസ നിലവാരവും റിസൾട്ടും എല്ലാം അനുദിനം മെച്ചപ്പെട്ടുകൊണ്ടുവരുന്നതിനുവേണ്ടി വളരെയധികം പ്രയോജനപ്പെടുന്ന ഒരു വിഭാഗമാണ് അൺ-എയ്ഡഡ് സ്കൂളുകൾ എന്നുപറയുന്നത്. യഥാർത്ഥത്തിൽ മാനേജ്മെന്റ് ആദ്യം കുറേ പണം ചെലവഴിച്ചുകഴിഞ്ഞ് ഒരു ഷെഡ്ഡ് തട്ടിക്കൂട്ടും, ആ ഷെഡ്ഡ് തട്ടിക്കൂട്ടിക്കഴിഞ്ഞാൽ പിന്നെ അധ്യാപകരുടെ കയ്യിൽ നിന്നുതന്നെ സെക്യൂരിറ്റി എമൗണ്ടുപോലെ ഒന്നോ, രണ്ടോ, അഞ്ചോ ലക്ഷം രൂപ വാങ്ങിയതിനുശേഷം പിന്നെയാണ് സ്കൂളിന് ഗ്രൗണ്ട്, കെട്ടിടം, ലാബറട്ടറി, ലൈബ്രറി, കാർ ഷെഡ്ഡ്, ഇരുചക്ര വാഹനങ്ങൾ സൂക്ഷിക്കാനുള്ള ഷെഡ്, വാഹനം ഇതെല്ലാം മേടിക്കുന്നത് ഇതെല്ലാം അധ്യാപകരുടെ കയ്യിൽ നിന്നു വാങ്ങുന്ന പണം കൊണ്ടാണ് ചെയ്യുന്നത്. അല്ലാതെ ശമ്പളം അവർക്ക് കൊടുക്കുന്നത് കുറഞ്ഞു പോകുന്നു എന്നുള്ളതു മാത്രമല്ല ഇവിടെ പ്രശ്നം. ഏതെങ്കിലും ഒരു മാനേജ്മെന്റ് ഒരു അൺ എയ്ഡഡ് സ്കൂൾ തുടങ്ങുന്നുവെങ്കിൽ ആദ്യം കുറച്ച് പണം മുടക്കും. മിക്കവാറും ഏതെങ്കിലും ഒരു ബിസിനസ്സിൽ നിന്ന് ഇങ്ങോട്ടുവരുന്ന ആളായിരിക്കും ഇത് തുടങ്ങുന്നത്. ഒന്നുകിൽ ഒരു അബ്കാരിയായിരിക്കും, അതല്ലെങ്കിൽ ഒരു എൻ.ആർ.ഐ. ആയിരിക്കും. അതുമല്ലെങ്കിൽ ഗൾഫിൽ പോയി കുറച്ചു പണമുണ്ടാക്കി ഇവിടെ ആരെയെങ്കിലും പവർ ഓഫ് അറ്റോർണി കൊടുത്ത് ഒരു സ്കൂൾ തുടങ്ങാനായിട്ട് ഏർപ്പാട് ചെയ്യുന്നവരായിരിക്കും. അതുമല്ലെന്നുണ്ടെങ്കിൽ ഇന്നത്തെ സ്വാശ്രയ മേഖലയിലെ വലിയ സാമ്പത്തിക വരുമാനം മനസ്സിൽ കണ്ടുകൊണ്ട്, ഒരു സുപ്രഭാതത്തിൽ ഉണർന്നെണീറ്റ് ഒരു സ്കൂൾ തുടങ്ങുന്നവരായിരിക്കും. ഇവർക്കെല്ലാം പണം സമ്പാദിക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രമേയുള്ളൂ. എം.എ. യോ, ബി.എഡ്യോ, എം.ഫില്ലോ. പി.എച്ച്.ഡി.യോ പാസ്സായി തന്റേതല്ലാത്ത കുറ്റംകൊണ്ട് വിവാഹ ബന്ധം നഷ്ടപ്പെട്ടുപോയ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് മാട്രിമോണിയൽ പരസ്യത്തിൽ പറയുന്നതുപോലെ കേരളത്തിന്റെ വ്യവസ്ഥിതിയുടെ വൈകല്യം കൊണ്ട് ജോലി ലഭിക്കാതെ പോകുന്ന അല്ലെങ്കിൽ ഒരു ജോലിക്ക് അവസരം ലഭിക്കാതെ പോകുന്ന അഭ്യസ്ത വിദ്യരായ 22-ഉം, 23-ഉം വയസ്സുള്ള ആളുകൾ എങ്ങനെയെങ്കിലും ഒരു ജോലി ലഭിക്കണമെന്നുള്ള ഒരാഗ്രഹത്തിലാണ് ഒരു ലക്ഷം രൂപ അല്ലെങ്കിൽ രണ്ട് ലക്ഷം രൂപ ജോലി ലഭിക്കുന്നതിനുവേണ്ടി കൊടുക്കുന്നത്.

ശ്രീ. ജി. കാർത്തികേയൻ : തന്റേതല്ലാത്ത കുറ്റം കൊണ്ട് വിവാഹം നീണ്ടുപോകുന്നവരേയും ബാധിക്കുമോ ഇത് ?

ശ്രീ. കെ. സി. ജോസഫ് : ബഹുമാനപ്പെട്ട കാർത്തികേയൻ, അങ്ങ് ഉദ്ദേശിച്ചത് ശ്രീ. ബാബു പ്രസാദിനെയാണോ, ചെയറിനെയാണോ ?

ശ്രീ. ജി. കാർത്തികേയൻ : എന്റെ മനസ്സ് വളരെ വിശാലമാണ്. ഇക്കാര്യത്തിൽ തീർച്ചയായിട്ടും അത് ചെയറിനും ബാധകമണ്; എന്താ സംശയം.

മി. സ്പീക്കർ : ശ്രീ. ബാബു പ്രസാദ് സ്വയം കുഴിയിൽചാടാതെ നോക്കണം.

ശ്രീ. ബി. ബാബു പ്രസാദ് : സർ, അങ്ങനെയുള്ള ഒരു വ്യവസ്ഥിതിയുടെ വൈകല്യം കൊണ്ട് ഏറ്റവും വലിയ ദോഷഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നത് അഭ്യസ്തവിദ്യരായ ചെറുപ്പക്കാരാണ്. അവർ മൂന്നും നാലും ലക്ഷം രൂപ ജോലി ലഭിക്കുന്നതിന് വേണ്ടി മനേജ്മെന്റിന് കൊടുക്കുന്നു. ആ ലക്ഷങ്ങൾ വാങ്ങിവച്ചിട്ട് അവർ എല്ലാ ഇൻഫ്രാസ്ട്രക്ച്ചറും ഉണ്ടാക്കുന്നു. എന്നിട്ട് പറയുന്നത് എന്താണ് ? സ്വാശ്രയ മാനേജ്മെന്റുകൾ സ്വന്തം കയ്യിൽ നിന്നും പണം ചെലവഴിക്കുന്നതുകൊണ്ട് മാനേജ്മെന്റുകളുടെ കാര്യത്തിൽ ഇടപെടാൻ കഴിയുന്നില്ല എന്നാണ് ഗവൺമെന്റ് പറയുന്നത്. അത് ശരിയായ ഒരു നിരീക്ഷണമല്ല. കാരണം, കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകൾക്കു വേണ്ടി ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒരു നിയമം ഈ നിയമസഭയിൽ കൊണ്ടുവന്നതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സ്വാശ്രയ മാനേജ്മെന്റുകൾക്കു വേണ്ടി അവിടത്തെ ഫീസ് ഘടന, തലവരിപ്പണം അതുപോലെ അവിടത്തെ സ്റ്റാഫ് പാറ്റേൺ തുടങ്ങി മറ്റെല്ലാ കാര്യങ്ങളിലും നിയമനിർമ്മാണ സഭ ഒരു നിയമം നിർമ്മിച്ചതാണ്. ആ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഭാവിയിൽ എത്തിച്ചേരുന്ന വിദ്യാർത്ഥികൾ എവിടെനിന്ന് പഠിച്ചുവരുന്നവരാണ്. അൺ എയ്ഡഡ് മേഖലയിൽനിന്ന് കേന്ദ്രീകൃത സിലബസ്സായ സി.ബി.എസ്.ഇ. യും, ഐ.സി.എസ്.ഇ. യും പഠിച്ച് പ്ലസ്ടു പരീക്ഷ പാസ്സായി വരുന്ന വളരെയധികം വിദ്യാർത്ഥികളാണ് സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നത്. അവർ അൺ എയ്ഡഡ് മേഖലയിൽ നിന്ന് വരുന്നവരാണെന്നുള്ള കാര്യം വിസ്മരിക്കരുത്. അപ്പോൾ അൺഎയ്ഡഡ് സ്ക്കൂളിന്റെ തന്നെ ഒരു എക്സ്റ്റൻഷനാണ് സ്വാശ്രയ മേഖലയെന്നു പറയുന്നത്. ആ സ്വാശ്രയ മേഖലക്കുവേണ്ടി നിയമ നിർമ്മാണസഭ നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. ഫീസ് ഘടനയെക്കുറിച്ച് നിയമങ്ങളുണ്ട്. അവരുടെ സ്റ്റാഫ് പാറ്റേണുകളെക്കുറിച്ച് നിയമമുണ്ട്. അവരുടെ വെൽഫെയർ അടക്കം എല്ലാ ക്ഷേമപരിപാടികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാർ സംരക്ഷണം കൊടുത്തുവരുന്നു. അതുകൂടാതെ സംസ്ഥാന സർക്കാർ വിട്ടുപോയ ചില കാര്യങ്ങളിൽ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന് ഭരണഘടനാപരമായ നിരീക്ഷണത്തിൽ വേണ്ടത്ര പൂർണ്ണത ഉണ്ടാക്കാൻ കഴിയാത്ത ചില കാര്യത്തിൽ ഹൈക്കോടതി ഇടപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ട് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുന്നു. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഘടനയുടെ കാര്യത്തിൽ, അവിടുത്തെ മുഴുവൻ പ്രവർത്തനത്തിന്റെ കാര്യത്തിൽ ഒക്കെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപ്പെട്ട് എല്ലാം പരിശോധിക്കുന്നതിന് ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷനെ വച്ചു. അത് കഴിഞ്ഞ് ജസ്റ്റീസ് മുഹമ്മദ് കമ്മിറ്റിയെ വച്ചു. അൺഎയ്ഡഡ് സ്ക്കൂളുകളുടെ പന്ത്രണ്ടാം ക്ലാസിനുശേഷമുള്ള ഒരു എക്സ്റ്റൻഷനായ, ഒരു വിപുലീകൃത രൂപമായ സ്വാശ്രയ വിദ്യാഭ്യാസ മേഖലയ്ക്ക് സംസ്ഥാന സർക്കാരും അതു പോലെ നമ്മുടെ നീതിന്യായ പീഠങ്ങളും വലിയ പ്രാധാന്യം കൊടുക്കുമ്പോൾ, പന്ത്രണ്ടാം ക്ലാസ്സുവരെ ഒരു വിദ്യാർത്ഥിയുടെ സ്വഭാവം രൂപീകരിച്ചുകൊണ്ടു വരുന്നതിൽ ഏറ്റവും നിർണ്ണായക പങ്ക് വഹിക്കുന്ന, ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും ഗൗരവതരമായ ചൂഷണത്തെക്കുറിച്ചാണ് ഞാനിവിടെ ഈ ബില്ലിലൂടെ പറയാൻ ആഗ്രഹിക്കുന്നത്. നമ്മുടെ സർക്കാർ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് കൊടുക്കുന്ന അവകാശങ്ങൾ അവർക്ക് ഇല്ല. ഇപ്പോൾ നമ്മൾ ഒരാളുടെ കൈ പിടിച്ച് ബന്ധിച്ചിട്ട് ആ ആളിനോട് പോരാടാൻ അല്ലെങ്കിൽ പ്രതിയോഗിയെ അടിക്കാൻ, കൈനീട്ടി ആവശ്യമുള്ളത് വാങ്ങാൻ പറയുന്നതു പോലെ അൺഎയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകരുടെ കൈ ബന്ധിച്ചിരിക്കുകയാണ്. ആദ്യം തന്നെ അവരെക്കൊണ്ട് ഒരു ബോണ്ടിൽ ഒപ്പ് ഇടുവിക്കും. മാനേജുമെന്റുകൾ പറയുന്ന എല്ലാ ന്യായങ്ങളും അന്യായങ്ങളും അനുസരിക്കണം. കാലാകാലങ്ങളിൽ മാനേജുമെൻറ് സർക്കാരിന്റെ യാതൊരു തരത്തിലുള്ള പരിശോധനകളോ, സർക്കാരിന്റെ യായൊരു തരത്തിലുള്ള ഇടപെടലോ ഇല്ലാതെ ഉണ്ടാക്കുന്ന ചില നിയമങ്ങൾ, സുപ്രഖ്യാപിതമായ ചില നിയമങ്ങൾ എല്ലാ അൺ-എയ്ഡഡ് സ്ക്കൂളുകളിലും നിലനിൽക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചു, പന്ത്രണ്ടോ പതിമൂന്നോ പിരീഡ് എടുക്കുമ്പോൾ അതിൽക്കൂടുതൽ ഒരു പിരീഡ് എടുക്കാൻ പറഞ്ഞു കഴിഞ്ഞാൽ സംഘടന ഇടപെടുന്ന സംഘടിത വർഗ്ഗം ഇവിടെയുണ്ട്. പതിനഞ്ച് പിരീഡ് എടുക്കേണ്ടവരോട് പതിനാറ് പിരീഡ് എടുക്കണമെന്ന് പറഞ്ഞാൽ ഇവിടെ ഇടപെടുന്ന സംഘടിത വർഗ്ഗം ഓരോ തലത്തിലും ഓരോ സമൂഹത്തിലുമുണ്ട്. ഓരോ അദ്ധ്യാപക സമൂഹത്തിനും എല്ലാ തലത്തിലും സംഘടനകളുണ്ട്. പക്ഷേ ഈ പാവങ്ങൾക്ക് സംഘടനകളില്ല. ഇവരെക്കൊണ്ട് ഒരാഴ്ചയിൽ 25 പിരീഡ് വരെ എടുപ്പിക്കുന്നുണ്ട്. ഞാൻ പല അദ്ധ്യാപകരുമായി നിരന്തരമായ ചർച്ചകൾക്ക് ശേഷമാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഒരു ദിവസം 5 പിരീഡ് വച്ച് 5 വെള്ളിയാഴ്ചവരെ 25 പിരീഡ് കൈ ബന്ധിച്ചതിനുശേഷം ഒന്നിനും കൈ നീട്ടാൻ കഴിയാത്ത അവസ്ഥയിൽ ഈ പാവങ്ങളെക്കൊണ്ട് എടുപ്പിക്കുന്നു. സുപ്രഖ്യാപിതമായ

ഒരു കോംപൗണ്ടിനകത്തുള്ള അൺഎയ്ഡഡ് സ്ക്കൂളിന് ഒരു തരത്തിലുള്ള മാന്ദണ്ഡങ്ങളും സർക്കാർ നിശ്ചയിച്ച് കൊടുത്തിട്ടില്ല. സർക്കാർ സ്ക്കൂളിലാണെങ്കിൽ ഇത്ര ഏക്കർ സ്ഥലം ഉണ്ടായിരിക്കണമെന്നും ഇത്ര ചതുരശ്ര അടിയിൽ ഒരു ക്ലാസ് റൂം ഉണ്ടായിരിക്കണമെന്നും ഇന്ന തരത്തിലുള്ള ലൈബ്രറി ഉണ്ടായിരിക്കണമെന്നും ഇന്നതരത്തിലുള്ള ലബോറട്ടറി ഉണ്ടായിരിക്കണമെന്നും ഇത്ര കോംപൗണ്ട് കളിസ്ഥലം ഉണ്ടായിരിക്കണമെന്നുമെല്ലാം ഉണ്ട്. എയ്ഡഡ് സ്ക്കൂളിനും ഗവൺമെന്റ് സ്ക്കൂളിനും സർക്കാർ ഈ സ്പെസിഫിക്കേഷൻസ് നിർണ്ണയിച്ച് കൊടുത്തിട്ടുണ്ട്. വർഷാവർഷങ്ങളിൽ ഇത് ഓരോ ഉദ്യോഗസ്ഥരെ വിട്ട് പരിശോധിക്കുന്നുണ്ട്. ഇത് പരിശോധിക്കുന്നതിനുവേണ്ടി താഴെ തലം മുതലുള്ള എ.ഇ.ഒ. ഓഫീസ്, ഡി.ഇ.ഒ. ഓഫീസ്, അതുപോലെ ഡി.പി.ഐ., ഹയർ സെക്കണ്ടറി ഡയറക്ട്രേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ട്രേറ്റ്, കോളേജ് @ എഡ്യൂക്കേഷൻ ഡയറക്ട്രേറ്റ്, സർവ്വകലാശാലകൾ, അതിനുമുകളിൽ യു.ജി.സി., എൻ.സി.ഇ.ആർ.ടി. അങ്ങനെ എന്തെല്ലാം തരത്തിലുള്ള സംവിധാനങ്ങൾ ഇന്ന് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നു. പക്ഷേ അൺഎയ്ഡഡ് സ്ക്കൂളുകളുടെ മേൽ ഒരു നിരീക്ഷണമോ നിയന്ത്രണമോ ഒരു പരീക്ഷണമോ അവരുടെമേൽ എന്തെങ്കിലും തരത്തിലുള്ള ഇടപെടലോ നടത്താൻ സർക്കാരിന് ഏതെങ്കിലും ഒരു ഉപാധിയോ ഓഫീസോ ഉണ്ടോ ? സെൻകുമാർ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ ഈ മേഖലയിൽ നടക്കുന്ന അനീതികളെ, അഴിമതികളെ, അന്യായങ്ങളെക്കുറിച്ച് കേരളത്തിലെ ഭരണാധികാരികളോ സമൂഹമോ അവരുടെ ശ്രദ്ധ കൊടുത്തിട്ടില്ല. 1972 -ൽ ഞാനൊക്കെ പ്രവർത്തിച്ചിരുന്ന കെ.എസ്.യു. എന്ന വിദ്യാർത്ഥി സംഘടന അടക്കം സമരം ചെയ്ത്, ഒപ്പം കേരളത്തിലെ അന്നത്തെ അദ്ധ്യാപക വർഗ്ഗം 1970 -കളിൽ സ്വകാര്യ മാനേജ്മെന്റുകൾക്ക് എതിരെ സമരം ചെയ്ത് 10 -80 ദിവസം നീണ്ടുനിന്ന അതിദീർഘമായ പോരാട്ടം കേരളത്തിൽ നടത്തിയതിനു ശേഷം ഡയറക്ട് പേമെന്റ് നേടിയ ഒരു സംസ്ഥാനമാണ് നമ്മുടേത്. ഡയറക്ട് പേമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ ധാരാളം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ജോലി സുരക്ഷിതത്വം ഉറപ്പാക്കിയതോടുകൂടി ഗവൺമെന്റ് മേഖലയിലെ അദ്ധ്യാപകർ അതിനനുസരിച്ചുള്ള റിസൾട്ട് ആ മേഖലയിൽ ഉണ്ടാക്കിയിട്ടുണ്ട്. ഈ അടുത്ത കാലത്ത് നമ്മുടെ നാട്ടിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുന്നതുവരെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഏക ആശ്രയം എന്നു പറയുന്നത് എയ്ഡഡ് കോളേജുകളും അതുപോലെ തന്നെ പോളിടെക്നിക്കുകളും ഐ.ടി.ഐ.യും അടങ്ങുന്ന സ്ഥാപനങ്ങൾ മാത്രമായിരുന്നു. ഞങ്ങളൊക്കെ പഠിക്കുന്ന ആ ഒരു തലമുറവരെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ മാത്രമായിരുന്നു ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരുന്നത്. അന്നും കേരളത്തിലെ വിദ്യാർത്ഥികളുടെ ആവശ്യം കുറെയേറെ നിറവേറ്റപ്പെട്ടിട്ടില്ലേ ? അപ്പോൾ ഡയറക്ട് പേമെന്റ് വന്നതിനുശേഷം 1972 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽനിന്ന് ധാരാളം അഭ്യസ്തവിദ്യരായ ആളുകൾക്ക് വലിയ ലോകത്തിന്റെ വിവിധ താക്കോൽ സ്ഥാനങ്ങളിലേയ്ക്കും മേഖലകളിലേയ്ക്കും വരാൻ കഴിഞ്ഞത് നമ്മുടെ നാട്ടിലെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വ്യവസ്ഥിതി കുറ്റമറ്റ രീതിയിൽ മുന്നോട്ട് വന്നതുകൊണ്ടു തന്നെയാണ്. പിന്നീട് കാലോചിതമായ പരിഷ്ക്കാരം എന്ന നിലയിലാണ് സ്വാശ്രയ കോളേജുകൾ നമ്മുടെ നാട്ടിൽ വന്നത്. അന്നൊക്കെ നിശബ്ദമായി ആരോടും പരാതി പറയാതെ, ആരോടും പരിദേവനങ്ങളില്ലാതെ ഒരു സംഘടനയും ഇല്ലാതെ, ഒരു മുദ്രാവാക്യം വിളിക്കാതെ, ഒരു നിവേദനം തരാതെ, ഒരു വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽപ്പോലും ഒരു സമരം നടത്താതെ നിശബ്ദമായി ഓരോ മാനേജുമെന്റുകളും നിശ്ചയിക്കുന്ന സ്വന്തം നിർമ്മിതമായ ഒരു നിയമാവലിക്ക് കീഴിൽ നിശബ്ദമായി പ്രവർത്തിച്ച 5 ലക്ഷം അദ്ധ്യാപകർ കേരളത്തിലെ അൺഎയ്ഡഡ് മേഖലയിലുണ്ട്. അതാണ് ഇവിടെ ശ്രീ. ചന്ദ്രേട്ടൻ പറഞ്ഞതുപോലെ അൺഎയ്ഡഡ് മേഖലയിൽ 587 സി.ബി.എസ്.ഇ. സ്ക്കൂളുകളും 88 ഐ.സി.എസ്.ഇ. സ്ക്കൂളുകളുമുണ്ട്. ഇത് സെൻകുമാർ കമ്മിറ്റി കണ്ടെത്തിയ റിപ്പോർട്ടാണ്. അതല്ലാതെ ധാരാളം അൺഎയ്ഡഡ് സ്ക്കൂളുകൾ ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അവരെല്ലാം അംഗീകൃത അൺഎയ്ഡഡ് സ്ക്കൂളുകളിൽ കൊണ്ടു പോയി കുട്ടികളെ പരീക്ഷ എഴുതിച്ച് ആ പരീക്ഷകളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുടർ പഠനം നടത്തുന്നത്. ഈ അംഗീകൃതമല്ലാത്ത അൺഎയ്ഡഡ് സ്ക്കൂളുകളിൽ പഠിച്ച കുട്ടികൾക്ക് എവിടെയെങ്കിലും അഡ്മിഷൻ കിട്ടുന്നതിനോ ജോലി കിട്ടുന്നതിനോ നമ്മുടെ നാട്ടിൽ യാതൊരു തരത്തിലുള്ള നിയമ തടസ്സവും നിലനിൽക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ബി. ബാബു പ്രസാദ്, അങ്ങ് ചർച്ച അവസാനിപ്പിക്കുന്നുണ്ടോ ?

ശ്രീ ബി. ബാബു പ്രസാദ് : സർ, തുടരുകയാണ്. അങ്ങനെ അംഗീകൃതമല്ലാത്ത അൺഎയ്ഡഡ് സ്ക്കൂളിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ചേരുന്നതിന് നമ്മുടെ നാട്ടിൽ തടസ്സമില്ല. ജോലി ലഭിക്കുന്നതിന് തടസ്സമില്ല, വിദേശത്ത് പോകുന്നതിന് തടസ്സമില്ല, റിസർച്ച് ചെയ്യുന്നതിന് തടസ്സമില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിലടക്കം ഒരു കാര്യത്തിലും അവർക്ക് തടസ്സമില്ലാത്തിടത്തോളം കാലം അവർ ആ പഠിച്ച സ്ക്കൂളുകൾ .....

ശ്രീ. എ. പ്രദീപ്കുമാർ : സർ, അൺഎയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് ക്ഷേമനിധി സഹായമൊക്കെ ചെയ്യേണ്ട കാര്യമാണ് അതിനൊടൊന്നും വിയോജിപ്പില്ല. കഷ്ടപ്പെടുന്ന, അദ്ധ്വാനിക്കുന്ന ആളുകൾക്കെല്ലാം എല്ലാ സംരക്ഷണവും വേണം. പക്ഷേ ഈ അൺഎയ്ഡഡ് സ്ക്കൂളുകളിൽ നടക്കുന്നത് ശരിയായ രീതിയിലുള്ള അദ്ധ്യാപനമാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ ? ഇത് ചോദിക്കാനുള്ള കാരണം, അദ്ധ്യാപനത്തിന്റെ ധർമ്മം അല്ലെങ്കിൽ വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട ധർമ്മം എന്താണ് ? എല്ലാവർക്കും എ-പ്ലസ് കിട്ടലാണോ ; അല്ലെങ്കിൽ എല്ലാ കുട്ടികളും എൻട്രൻസ് പരീക്ഷ പാസ്സാകണം എന്നുള്ളതാണോ ? എല്ലാ കുഞ്ഞുങ്ങളിലും അന്തർലീനമായിട്ടുള്ള പ്രതിഭയുടെ ഒരു നാമ്പ് ഉണ്ടാകും, അത് എന്താണെന്ന് കണ്ടറിഞ്ഞ് തൊട്ടുണർത്തി ആ പ്രതിഭയെ വികസിപ്പിക്കാനുള്ള അരങ്ങ് ഒരുക്കി കൊടുക്കലാണ് ഒരു വിദ്യാലയത്തിന്റെ ധർമ്മം, വിദ്യാഭ്യാസത്തിന്റെ ധർമ്മം, അദ്ധ്യാപനത്തിന്റെ ധർമ്മം. ആ ധർമ്മം അൺഎയ്ഡഡ് സ്ക്കൂളുകൾ നിർവ്വഹിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലായെന്ന അനുഭവമാണ്, അറിവാണ് എനിക്കുള്ളത്. എന്താണെന്നു വച്ചാൽ, നമുക്ക് ഇപ്പോൾ ഒരുപാട് പ്രതിഭാശാലികളുണ്ട്. ശാസ്ത്രത്തിന്റെ മേഖലയിൽ ഡോ: എ. പി. ജെ. അബ്ദുൾകലാം പ്രതിഭാശാലിയാണ്. സാഹിത്യത്തിൽ ശ്രീ. എം. ടി. വാസുദേവൻ നായർ പ്രതിഭാശാലിയാണ്. സാങ്കേതികവിദ്യ, അങ്ങനെ ഓരോ രംഗത്തും ഉണ്ടാകും. പക്ഷേ ഇങ്ങനെയുള്ള പ്രതിഭാശാലികൾ, നമ്മുടെ നാടിന് അഭിമാനമായിട്ടുള്ള പ്രതിഭാശാലികൾ ആരെങ്കിലും അൺ എയ്ഡഡ് സ്ക്കൂളുകളിൽ പഠിച്ച് ഉയർന്നു വന്നതാണെന്ന ഒരു ഉദാഹരണം പറഞ്ഞാൽ അങ്ങ് പറയുന്നതുപോലെ ഞാൻ കേൾക്കാം. എന്നാൽ എല്ലാ പ്രതിഭാശാലികളും ഉയർന്നു വന്നിട്ടുള്ളത് സർക്കാർ സ്ക്കൂളിലും എയ്ഡഡ് സ്ക്കൂളിലും പഠിച്ചിട്ടാണ്. അപ്പോൾ ആ ധർമ്മം അവിടെ നിർവ്വഹിക്കപ്പെടുന്നില്ല, ആ ഒരു പ്രക്രിയയല്ല അവിടെ നടക്കുന്നതെന്ന കാര്യത്തോട് അങ്ങേയ്ക്ക് യോജിപ്പുണ്ടോ ? ഏതായാലും ഇതിന്റെ ഉള്ളടക്കമൊക്കെ ഇങ്ങനെ ചർച്ച ചെയ്യുകയല്ലേ. എല്ലാവരും ക്വാളിഫൈഡ് ചെയ്തു പോകുന്നു, റിസർച്ച് ചെയ്യാമെന്നൊക്കെ പറയുമ്പോൾ അതിനോട് യോജിക്കുന്നുണ്ടോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചത് അൺഎയ്ഡഡ് മേഖലയുടെ അനിവാര്യതയെക്കുറിച്ചാണ്. പക്ഷേ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ നൈബർഹുഡ് വിദ്യാലയങ്ങൾക്ക് പ്രാധാന്യം നൽകണമെന്നും അത് പൊതുമേഖലയിൽ സാദ്ധ്യമാക്കണ മെന്നുമുള്ള വളരെ വ്യക്തമായ ഒരു കാഴ്ചപ്പാടോടുകൂടിയാണ് കേന്ദ്ര സർക്കാർ മുന്നോട്ട് വരുന്നത്. അപ്പോൾ സ്വാഭാവികമായും വളരെ വൈകാതെ തന്നെ നൈബർഹുഡ് പൊതുമേഖല സ്ഥാപനങ്ങൾ സാദ്ധ്യമാകുന്ന ഒരു സാഹചര്യം സൃഷ്ടിക്കപ്പെടുകയാണെങ്കിൽ സ്ഥായിയായ ഒരു അവസ്ഥയിൽ അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് നിൽക്കാൻ കഴിയാത്ത ഒരു സാഹചര്യം വരുന്ന ഘട്ടത്തിൽ ഇതിന്റെ സാധ്യത എത്രയുണ്ട് എന്ന കാര്യം അങ്ങ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. ബി. ബാബു പ്രസാദ് : സർ, ഈ രണ്ട് കാര്യങ്ങളും ഞാൻ ശ്രദ്ധിക്കുന്നു. ഞാൻ കൊണ്ടുവന്ന പ്രമേയത്തിന്റെ സത്ത എന്നു പറയുന്നത് അൺ എയ്ഡഡ് സ്ക്കൂളിലെ അദ്ധ്യാപകരുടെ ദുരിതങ്ങളാണ്. അല്ലാതെ അൺ എയ്ഡഡ് സ്ക്കൂളുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചുള്ള ഒരു ചർച്ചയായിരുന്നെങ്കിൽ നിങ്ങൾ രണ്ട് പേരും പറഞ്ഞതിനോട് ഞാൻ പ്രതികരിക്കുമായിരുന്നു. ഇതിപ്പോൾ അൺഎയ്ഡഡ് സ്ക്കൂളുകളിൽ വർഷങ്ങളായി യാതൊരു സ്വാതന്ത്ര്യവുമില്ലാതെ, ആലങ്കാരികമായിട്ട് പറഞ്ഞാൽ പകുതി അടിമപ്പണി പോലെ പത്തും ഇരുപതും വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരു ആശ്വാസം വേണം. നമ്മളല്ലാതെ ആരാണ് ഇത്തരം ഒരു കാര്യം കേരള സമൂഹത്തിന്റെയും അതു പോലെ തന്നെ നിയമനിർമ്മാണസഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടത്. അല്ലാതെ അൺഎയ്ഡഡ് സ്ക്കൂളുകളിൽ എ.പി.ജെ.അബ്ദുൾകലാമിനെ പ്പോലുള്ള ആളുകൾ പഠിച്ചിരുന്നോ എന്നുള്ളതല്ല ഇവിടുത്തെ പ്രസക്തി. അവിടെ രണ്ടും മൂന്നും ലക്ഷം രൂപ തലവരിപ്പണം കൊടുത്തതിനുശേഷം പത്തും ഇരുപതും വർഷമായി ജോലി ചെയ്യുന്ന ആളുകൾക്ക് അവസാനം പെൻഷൻപോലും കിട്ടുന്നില്ല. പത്തും മുപ്പതും വർഷം പഠിപ്പിച്ചതിനുശേഷം അവസാനം ഉള്ളിപൊളിച്ചതുപോലെയാണ് അവർക്ക് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ബി. ബാബു പ്രസാദ്, ചർച്ച അവസാനിപ്പിക്കാം.

ശ്രീ. ബി. ബാബു പ്രസാദ് : സർ, ഞാൻ ഇതുകൂടി ഒന്നു വായിക്കാം. 'മനുഷ്യാവകാശ ലംഘനങ്ങളുടെ ക്ലാസ് മുറികൾ' എന്ന പേരിൽ പി. എം. ബിനുകുമാർ നമ്മുടെ 'മലയാളം' വാരികയിൽ ഒരു ലേഖനം എഴുതി. ഇത് വളരെ പ്രധാനപ്പെട്ട ഇവിടെ നടക്കുന്ന അസ്വാഭാവികമായ പല കാര്യങ്ങളിലേയ്ക്കും, നീതിരഹിതമായ പല കാര്യങ്ങളിലേയ്ക്കും വെളിച്ചം വീശുന്നുണ്ട്. 21 -ാം നൂറ്റാണ്ടിലെ ലജ്ജിക്കേണ്ട വസ്തുത എന്ന ആമുഖത്തോടെ പരാതി തുടരുന്നു. സ്വകാര്യ സ്ക്കൂൾ വിദ്യാർത്ഥികളിൽ നിന്ന് ആയിരക്കണക്കിന് രൂപ തത്വദീക്ഷയില്ലാതെ പിരിച്ച ശേഷം അദ്ധ്യാപകർക്ക് ശമ്പളത്തിനുപകരം പോക്കറ്റ് മണി നൽകുന്നുവെന്നാണ് ആരോപണം. അതേസമയം അദ്ധ്യാപകർക്ക് നൽകുന്ന ഭിക്ഷയ്ക്ക് പകരം അവരിൽ നിന്ന് തുക രേഖപ്പെടുത്താത്ത റെസീപ്റ്റുകൾ ഒപ്പിട്ടു വാങ്ങുന്നു. അതിൽ മാനേജുമെന്റിന് ഇഷ്ടമുള്ള തുക എഴുതി ചേർക്കുന്നു. ഇക്കാര്യം പുറത്ത് പറഞ്ഞാൽ ജോലി പോകും. അദ്ധ്യാപകർക്ക് യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ല. സംസ്ഥാനത്തുടനീളം നടന്നു വരുന്ന പ്രതിഭാസമാണിത്. ഇത്തരത്തിൽ നടക്കുന്ന ചതി അവസാനിപ്പിക്കാൻ മാനേജുമെന്റുകളിൽ നിന്ന് അദ്ധ്യാപകരുടെ ശമ്പളം സർക്കാർ രൂപം നൽകുന്ന ഒരു സ്വതന്ത്ര ഏജൻസി പിരിക്കുകയും ആ ഏജൻസി നേരിട്ട് അദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷിപിക്കുകയും ചെയ്യണമെന്നാണ് അവർ ഉന്നയിച്ചിരിക്കുന്ന പരാതിയുടെ സാരാംശം. ശമ്പളം സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും അദ്ധ്യാപകന് നൽകണമെന്നും പരാതിയിൽ ആവശ്യപ്പെടുന്നു. പരാതിക്കാരന്റെ പേരിലല്ല. ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെടുമെന്ന ഭയം കാരണമാണ് പേര് വയ്ക്കാത്തത്. അതാത് സ്ക്കൂളുകളിൽ ഇവർക്ക് ഒരു വെൽഫെയർ ഓഫീസറെ വച്ചിട്ടില്ല. അവർക്ക് അതാത് സ്ക്കൂളുകളിലെ അവരുടെ ശമ്പളം ഇതുപോലെ ഒരു പൊതു ഫണ്ടിൽ ഇട്ടിട്ട് അവർക്ക് ന്യായമായ, അവരെക്കൊണ്ട് ഒപ്പിടിവിക്കുന്ന ശമ്പളം ലഭിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാക്കുകയും അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുമ്പോൾ സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള അംശാദായം അടയ്ക്കാൻ ഒരു സന്മനസ് കാണിച്ചുകൊണ്ട് അങ്ങ് ഈ വിഭാഗത്തിൽപ്പെട്ടവർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതത്തിൽ നിന്ന് രക്ഷിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഇത് തുടർ ചർച്ചയ്ക്ക് വയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

(iii) 2010 -ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരൻമാർ ക്ഷേമനിധി ബിൽ

മി. സ്പീക്കർ : ശ്രീ. ബി. ബാബു പ്രസാദ്, അങ്ങേയ്ക്ക് 2010-ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരൻമാർ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ബി. ബാബു പ്രസാദ് : സർ, 2010 - ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരൻമാർ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly